**ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഓഫീസുകൾ**

**169 (T3943)** ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഞാറയ്ക്കൽ നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും, പഴയ കെട്ടിടങ്ങളുടെ നവീകരണത്തിനുമായി ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ പഴയ കെട്ടിടം നവീകരിക്കുന്നതിനോ തുക ചെലവഴിച്ചിട്ടില്ലാത്തതാണ്.

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ അംഗീകരിച്ച പദ്ധതികൾ**

**170 (3944)** ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി 2006-07, 2007-08, 2008-09, 2009-2010 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായത് ;

(സി) പൂർത്തിയാകാത്തവയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എസ്റ്റിമേറ്റ് തയ്യാറാകാത്ത എത്ര പദ്ധതികൾ ഉണ്ട് ; അവ ഏതെല്ലാം ;

(ഇ) ഭരണാനുമതി ലഭിക്കാത്തവ എത്രയുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) സാങ്കേതിക അനുമതി ലഭിക്കാത്തവ ഏതെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ജി) പൂർത്തിയാക്കിയ പദ്ധതികളിലെ ബില്ലുകളിന്മേൽ എത്ര എണ്ണത്തിന് പണം അനുവദിച്ചു ; ഇനി എത്ര ബില്ലുകൾ തുക നൽകാനുണ്ട് ; അവ ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ചവർക്ക് മാനദണ്ഡ പ്രകാരം സമാശ്വാസധനം നൽകുകയും കേടുപാട് സംഭവിച്ച നിലവിലുള്ള റോഡുകളും പാലങ്ങളും പുനരുദ്ധരിച്ച് ഉപയോഗശൂന്യമാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly